ഉത്തരം

(എ)&(ബി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ

97(808) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് നൽകിയിട്ട് വർഷങ്ങളേറെയായെങ്കിലും ഇതുവരെ ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷം തന്നെ പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഫയർഫോഴ്സ് വകുപ്പിനു ലഭ്യമായിട്ടില്ല.

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ ഫയർസർവ്വീസ് സ്റ്റേഷൻ

98(809) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ തുടങ്ങുവാൻ തീരുമാനിച്ച ഫയർ സർവ്വീസ് സ്റ്റേഷൻ എപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്നും ആയത് തുടങ്ങുവാനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ പുതുതായി ആരംഭിക്കുന്ന ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ഗ്രൗണ്ട് ലെവൽ ജോലി പൂർത്തിയാക്കുകയും രണ്ടാം നിലയുടെ ജോലി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്, കെട്ടിടം പണി പൂർത്തിയായാലുടൻ ഫയർ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീകാര്യത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

99 (810) ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിന് സമീപമുള്ള ശ്രീകാര്യം ജംഗ്ഷനിൽ മിക്കപ്പോഴും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് അത്യാസന്ന നിലയിൽ എത്താനുള്ള രോഗികൾക്ക് പോലും കഷ്ടതകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly